(സി) വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണം മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാതരം വാഹനങ്ങളിലും ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

ലോഫ്ളോർ എ.സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി

146 (596) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം ആരംഭിച്ച ലോഫ്ളോർ എ. സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര/കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരക്കേറിയ സമയങ്ങളിൽ ഈ പ്രദേശങ്ങളിലേക്കുള്ള ബസ്സുകളിൽ അനുഭവപ്പെടുന്ന തിരക്ക് കെ.എസ്.ആർ.ടി.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് ആ പ്രദേശത്തേക്ക് കൂടുതൽ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി പ്രകാരമുള്ള ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തേക്കുള്ള സർവ്വീസുകൾ തുടങ്ങുന്നതാണ്.

(ബി) ഓഫീസ് സമയങ്ങളിലും, സ്കൂൾ, കോളേജ് സമയങ്ങളിലും പ്രാദേശികമായിട്ടുള്ള ഉത്സവസമയങ്ങളിലും തിരക്ക് അനുഭവപ്പെടാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ കെ.എസ്.ആർ.ടി.സി. വേണ്ടത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്.

(സി) പ്രസ്തുത പ്രദേശത്തേക്ക് ആവശ്യാനുസരണം സർവ്വീസുകൾ ഇപ്പോൾതന്നെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ജലഗതാഗത വകുപ്പ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

147 (597) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly